ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08-07-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഇന്തോനേഷ്യയിലെ പ്രശസ്തമായ പ്രംബാനൻ ക്ഷേത്രം സന്ദർശിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്തോനേഷ്യൻ പര്യടനം പൂർത്തിയാക്കി പ്രധാനമന്ത്രി ഇന്ന് ഓസ്ട്രേലിയയിലെത്തും.

Prime Minister Narendra Modi visited the famous Prambanan Temple in Indonesia. Completing his Indonesian tour, the Prime Minister will reach Australia today.

2) വയനാട് കള്ളാടി മണ്ണിടിച്ചിൽ ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. സ്ഥിതിഗതികൾ വിലയിരുത്തി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. കാണാതായവർക്കായി പ്രദേശത്ത് തിരച്ചിൽ തുടരുന്നു.

Chief Minister V. D. Satheesan announced a compensation of ₹5 lakh to the families of those who died in the Wayanad Kalladi landslide disaster. Union Home Minister Amit Shah took stock of the situation. The search for the missing persons continues in the area.

3) ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് കൊച്ചിയിൽ തുടക്കമായി. കേന്ദ്രമന്ത്രി അന്നപൂർണ ദേവി ഉൾപ്പെടെ പ്രമുഖർ യോഗത്തിൽ പങ്കെടുക്കുന്നു.

The BRICS Women's Ministerial Meeting has commenced in Kochi. Union Minister Annpurna Devi attends the meeting.

4) എൽ നിനോ ആഘാതം വിലയിരുത്തുന്നതിനായി ഉന്നതതല അവലോകന യോഗം ചേർന്ന് പ്രധാനമന്ത്രിയുടെ ഓഫീസ്.

PMO holds meeting to review impact of El Nino and preparedness measures.

5) ഹോർമുസ് കടലിടുക്കിൽ വാണിജ്യ കപ്പലുകൾക്ക് നേരെ നടത്തിയ ആക്രമണങ്ങൾക്ക് മറുപടിയായി ഇറാനിൽ വ്യോമാക്രമണം നടത്തി യുഎസ്.

The US has carried out a fresh round of airstrikes on Iran, targeting more than 80 locations in response to Iran's latest attacks on commercial ships passing through the Strait of Hormuz.

6) ഫിഫ ലോകകപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനൽ പോരാട്ടങ്ങൾക്ക് വെള്ളിയാഴ്ച തുടക്കം. ക്വാർട്ടറിൽ പ്രവേശിച്ച് അർജൻറീനയും, സ്വിറ്റ്സർലൻഡും.

The FIFA World Cup football quarter-final battles will begin on Friday. Argentina and Switzerland have entered the quarter-finals.

************************

**PM – INDONESIA (Intro)**

ഇന്തോനേഷ്യയിലെ പ്രശസ്തമായ പ്രംബാനൻ ക്ഷേത്രം സന്ദർശിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്തോനേഷ്യൻ പ്രസിഡൻറ് പ്രബോവോ സുബിയാന്തോയ്ക്ക് ഒപ്പമായിരുന്നു സന്ദർശനം. യോഗ്യകർത്തയിൽ സ്ഥിതി ചെയ്യുന്ന, വാസ്തുവിദ്യാ വിസ്മയമായ പ്രംബാനൻ ക്ഷേത്രം, ഒൻപതാം നൂറ്റാണ്ടിലെ നിർമിതിയാണ്. അവിസ്മരണീയവും, ആത്മീയമായി ആഴമാർന്നതുമായ അനുഭവമാണ് പ്രംബാനൻ സന്ദർശനമെന്ന് ശ്രീ മോദി പറഞ്ഞു. ഇന്ത്യ-ഇന്തോനേഷ്യ സഹകരണത്തോടെ ക്ഷേത്രത്തിൽ നടക്കുന്ന സംരക്ഷണ പ്രവർത്തനങ്ങൾ വീക്ഷിച്ച അദ്ദേഹം ഇരു രാജ്യങ്ങൾക്കുമിടയിലെ സാംസ്കാരിക ബന്ധത്തെ ഇത് പ്രതിഫലിപ്പിക്കുന്നതായും പറഞ്ഞു.
(ഹോൾഡ്)

ത്രിരാഷ്ട്ര പര്യടനം തുടരുന്ന പ്രധാനമന്ത്രി ഇന്നലെ ജക്കാർത്തയിൽ ഇന്തോനേഷ്യൻ പാർലമെന്റിനെ അഭിസംബോധന ചെയ്തിരുന്നു. ജനാധിപത്യത്തിന്റെ മാതാവാണ് ഇന്ത്യ എന്നും, ഇന്തോനേഷ്യയുമായുള്ള ജനാധിപത്യ ബന്ധം ശക്തിപ്പെടുത്തുന്നതിന്
രാജ്യം പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. ഇന്തോനേഷ്യൻ പ്രസിഡൻറുമായി അദ്ദേഹം ഇന്നലെ ഉഭയകക്ഷി ചർച്ചകളും നടത്തി.

************************

**PM Australia**

ത്രിരാഷ്ട്ര പര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഓസ്ട്രേലിയ സന്ദർശിക്കും. മെൽബണിൽ നടക്കുന്ന ഇന്ത്യ-ഓസ്ട്രേലിയ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി അൽബനീസിനൊപ്പം പങ്കെടുക്കും. സുപ്രധാന മേഖലകളിലെ സഹകരണം സംബന്ധിച്ച ചർച്ചകൾ ഇരു പ്രധാനമന്ത്രിമാർക്കുമിടയിൽ നടക്കും. മൂന്ന് ദിവസത്തെ സന്ദർശനത്തിൻറെ ഭാഗമായി, ഇന്ത്യ-ഓസ്ട്രേലിയ സിഇഒ ഫോറത്തിലും ശ്രീ മോദി പങ്കെടുക്കും. ഓസ്ട്രേലിയയിലെ പ്രവാസി ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും.

************************

**CM WAYANAD(INTRO)**

വയനാട് മണ്ണിടിച്ചിൽ ദുരന്തത്തിൽ സർക്കാർ സാങ്കേതികമായും,നിയമപരമായുമുള്ള നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. കേന്ദ്ര സർക്കാർ, തുരങ്കപാത നിർമ്മാണത്തിന് പാരിസ്ഥിതികാനുമതി കൊടുത്തപ്പോൾ നൽകിയ കർശന നിർദ്ദേശങ്ങൾ, നിർമ്മാണ കരാർ ഏറ്റെടുത്തവർ പാലിച്ചോ എന്ന് പരിശോധിക്കുമെന്നും മുഖ്യമന്ത്രി മന്ത്രിസഭായോഗത്തിന് ശേഷം മാധ്യമങ്ങളോട് പറഞ്ഞു.
**(ഹോൾഡ് വോയിസ്)**

മണ്ണിടിച്ചിൽ ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. മൃതദേഹങ്ങൾ നാട്ടിലെത്തിക്കാനുള്ള നടപടികളും സർക്കാർ സ്വീകരിക്കും.

************************

## WAYANAD-AMITSHAH

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ മുഖ്യമന്ത്രി വി.ഡി സതീശനുമായി ഫോണിൽ സംസാരിച്ച് സാഹചര്യങ്ങൾ വിലയിരുത്തി. കേന്ദ്രത്തിന്റെ എല്ലാ പിന്തുണയും അദ്ദേഹം ഉറപ്പ് നൽകി. കേരളത്തിൻറെ പ്രവർത്തനങ്ങളിൽ സംതൃപ്തി അറിയിച്ച അദ്ദേഹം, സംഭവത്തെ കുറിച്ച് ഉന്നതതല അന്വേഷണം നടത്തണമെന്നും മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു. ഇന്ന് നടന്ന മന്ത്രിസഭ യോഗത്തിൽ ഇത് സംബന്ധിച്ച തീരുമാനമായതായി മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തരമന്ത്രിയെ അറിയിച്ചു.

************************

## WAYANAD

മണ്ണിടിച്ചിലിൽ കാണാതായ 5 പേർക്കായി പ്രദേശത്ത് തെരച്ചിൽ തുടരുകയാണ്. രാവിലെ 6 മണിയോടെ തെരച്ചിൽ ആരംഭിച്ചെങ്കിലും ഇടവിട്ട് ഉണ്ടാവുന്ന മഴ വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. NDRF ഉം, പോലീസും, ഫയർഫോഴ്സും നാട്ടുകാരും ചേർന്നാണ് തെരച്ചിൽ നടത്തുന്നത്. മന്ത്രിമാരായ ടി സിദ്ദിഖ്, എ പി അനിൽകുമാർ എന്നിവർ ഇന്നലെ രാത്രിയോടെ സ്ഥലത്ത് എത്തി ഏകോപനം നിർവഹിക്കുന്നുണ്ട്. മുഖ്യമന്ത്രി വി.ഡി സതീശൻ ഉച്ചയോടെ മണ്ണിടിച്ചിൽ സ്ഥലം സന്ദർശിക്കും.

************************

## PMO - EL NINO REVIEW MEETING

എൽ നിനോ പ്രതിഭാസത്തെ തുടർന്ന് രാജ്യത്തെ വിവിധ മേഖലകളിൽ ഉണ്ടാകാൻ സാധ്യതയുള്ള ആഘാതങ്ങളെ നേരിടാനുള്ള തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി പ്രധാനമന്ത്രിയുടെ ഓഫീസ് ഇന്നലെ

ഉന്നതതല അവലോകന യോഗം ചേർന്നു. പ്രിൻസിപ്പൽ സെക്രട്ടറി പി.കെ. മിശ്രയുടെ അധ്യക്ഷതയിലായിരുന്നു യോഗം. പതിനഞ്ചിലധികം മന്ത്രാലയങ്ങളിലെ സെക്രട്ടറിമാരും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു. സാഹചര്യം നിരന്തരം നിരീക്ഷിക്കണമെന്നും,

കാലവർഷം ദുർബലമാകുന്നതിൻറെ ആഘാതം സംസ്ഥാനങ്ങളുമായി സഹകരിച്ച് വിലയിരുത്തണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചു. കാലിത്തീറ്റയുടെ ലഭ്യതയും കുടിവെള്ള ലഭ്യതയും ഉറപ്പാക്കുന്നതിന് മുൻഗണന നൽകണം. ജലസംഭരണികളിലെ ജലനിരപ്പ് നിരന്തരം നിരീക്ഷിച്ചുവരികയാണെന്നും, ഖാരിഫ് സീസണിൽ എൽ നിനോ ആഘാതം തടയാൻ സംസ്ഥാനങ്ങളുമായി ചേർന്ന് നടപടികൾ ഉറപ്പുവരുത്തുന്നതായും സെക്രട്ടറിമാർ യോഗത്തിൽ അറിയിച്ചു.

************************

## SHAH-MAHARASHTRA SITUATION

മഹാരാഷ്ട്രയിലെ കനത്ത മഴയും വെള്ളപ്പൊക്ക സമാനമായ സാഹചര്യവും സംബന്ധിച്ച സ്ഥിതിഗതികൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസുമായി സംസാരിച്ച് വിലയിരുത്തി. ദുരന്തം കൈകാര്യം ചെയ്യുന്നതിൽ മഹാരാഷ്ട്ര സർക്കാരിന് സാധ്യമായ എല്ലാ സഹായവും കേന്ദ്രമന്ത്രി ഉറപ്പ് നൽകി. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി അതിശക്തമായ മഴയാണ് മുംബൈ ഉൾപ്പെടെ മഹാരാഷ്ട്രയുടെ വിവിധ മേഖലകളിൽ അനുഭവപ്പെടുന്നത്.

************************

## BRICS (INTRO)

ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് കൊച്ചിയിൽ തുടക്കമായി. യോഗത്തോടെനുബന്ധിച്ചുള്ള പ്രധാന സമ്മേളനത്തിൽ കേന്ദ്ര വനിതാ-ശിശു വികസന മന്ത്രി അന്നപൂർണ ദേവി, സെക്രട്ടറി അനിൽ മാലിക് തുടങ്ങിയവർ പങ്കെടുത്തു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജി ല്ലാ പ്രതിനിധി പി. നഹീമ
(വോയ്സ്)

************************

## RAIN-KERALA

സംസ്ഥാനത്ത് ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം, ഇടുക്കി, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദേശാനുസരണം സുരക്ഷിത ഇടങ്ങളിലേക്ക് മാറണമെന്ന് ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

************************

## Chaliyar Puzha

വയനാട് മേപ്പാടി മേഖലയിലെ കനത്ത മഴയ്ക്കും കള്ളാടി പ്രദേശത്തെ മണ്ണിടിച്ചിലിനും പിന്നാലെ ചാലിയാർ പുഴയിൽ ജലനിരപ്പുയർന്നു. പുഴയോരത്തുള്ളവർക്ക് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. നാടുകാണി ചുരംവഴിയുള്ള യാത്രക്കാരും ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശമുണ്ട്.

************************

## FIFA

ഫിഫ ലോകകപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനൽ പോരാട്ടങ്ങൾക്ക് വെള്ളിയാഴ്ച തുടക്കമാകും. മൊറോക്കോ, ഫ്രാൻസ്, സ്പെയിൻ, ബെൽജിയം, ഇംഗ്ലണ്ട്, നോർവേ, അർജന്റീന, സ്വിറ്റ്സർലൻഡ് എന്നീ ടീമുകളാണ് അവസാന എട്ടിലേക്ക് മുന്നേറിയത്. അവസാന പ്രീക്വാർട്ടർ പോരാട്ടത്തിൽ കൊളംബിയയെ

മറികടന്നാണ് സ്വിറ്റ്സർലൻഡ് ക്വാർട്ടർ ഫൈനലിൽ കടന്നത്. പെനാൽറ്റി ഷൂട്ട് ഔട്ടിൽ മൂന്നിനെതിരെ നാല് ഗോളുകൾക്കാണ് സ്വിറ്റ്സർലൻഡിന്റെ ജയം. ഇന്നലെ രാത്രി നടന്ന മത്സരത്തിൽ ഈജിപ്റ്റിനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് തകർത്താണ് അർജൻറീന ക്വാർട്ടറിൽ പ്രവേശിച്ചത്.

************************

## T20 CRICKET - INDIA

ഇന്ത്യ -ഇംഗ്ലണ്ട് പുരുഷ ട്വന്റി-ട്വന്റി ക്രിക്കറ്റിലെ മൂന്നാം മത്സരത്തിൽ ഇംഗ്ലണ്ടിന് ജയം. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യയെ 125 റൺസിനാണ് ഇംഗ്ലണ്ട് പരാജയപ്പെടുത്തിയത്. ഇതോടെ അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇംഗ്ലണ്ട് 2-0 ത്തിനു മുന്നിലെത്തി.

************************

## DAY US-IRAN STRIKES

ഹോർമുസ് കടലിടുക്കിലൂടെ കടന്നുപോകുന്ന വാണിജ്യ കപ്പലുകൾക്ക് നേരെ ഇറാൻ നടത്തിയ ആക്രമണങ്ങൾക്ക് തിരിച്ചടിയായി ഇറാനിൽ വ്യോമാക്രമണം നടത്തി അമേരിക്ക. ഹോർമുസ് കടലിടുക്കിലും പരിസരങ്ങളിലുമുള്ള ഇറാൻറെ വ്യോമ പ്രതിരോധ സംവിധാനങ്ങൾ, റഡാർ കേന്ദ്രങ്ങൾ എന്നിവ ലക്ഷ്യമിട്ടായിരുന്നു ആക്രമണം. കപ്പലുകളെ ആക്രമിക്കാനുള്ള ഇറാൻറെ ശേഷി ദുർബലപ്പെടുത്തുകയാണ് സൈനിക നീക്കത്തിലൂടെ ലക്ഷ്യമിട്ടതെന്ന് യുഎസ് അറിയിച്ചു. ആക്രമണം ഇറാൻ സ്ഥിരീകരിച്ചിട്ടുണ്ട്. ഹോർമുസിലെ ഇടപെടലുകൾ അംഗീകരിക്കില്ലെന്നും, ശക്തമായ തിരിച്ചടി നൽകുമെന്നും ഇറാൻ സൈനിക കമാൻഡ് അറിയിച്ചു. ഇതിനിടെ താൽക്കാലിക കരാർ പ്രകാരം ഇറാന് എണ്ണ വിൽക്കാൻ നൽകിയിരുന്ന അനുമതി അമേരിക്ക റദ്ദാക്കി.

************************

## J-K TERRORIST KILLED

ജമ്മു കശ്മീരിലെ ഷോപ്പിയാനിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു ഭീകരനെ വധിച്ചതായി പോലീസ് അറിയിച്ചു. പോലീസും സൈന്യവും സി.ആർ.പി.എഫും സംയുക്തമായി നടത്തിയ പരിശോധനയ്ക്കിടെയാണ് സംഭവം. പ്രദേശത്ത് നിന്ന് ആയുധങ്ങളും വെടിക്കോപ്പുകളും കണ്ടെടുത്തു.

************************

## J-K AMARNATH YATRA ADVISORY

അമർനാഥ് യാത്രയുമായി ബന്ധപ്പെട്ട് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ജമ്മു കശ്മീർ ഭരണകൂടം. രജിസ്ട്രേഷൻ, നിശ്ചയിച്ച തീയതികൾ, പ്രതിദിന തീർത്ഥാടക പരിധി എന്നിവയിൽ സുപ്രീം കോടതി നിർദ്ദേശം കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യാത്തവർ യാത്ര ഒഴിവാക്കണമെന്നും അധികൃതർ അറിയിച്ചു.

************************

************

***